# INDIAN SCHOOL MUSCAT

## MIDDLE SECTION

## DEPARTMENT OF MALAYALAM

CLASS: VII Date:

**അവധാരണം**

താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

ഒരു രാജ്യത്തിൻെറ ഏറ്റവും വലിയ സമ്പത്ത് അവിടുത്തെ ജനങ്ങളാണ്. അവർ മാനസികമായും ശാരീരികമായും നല്ല ആരോഗ്യമുള്ളവരായിരിക്കണം. നല്ല ആരോഗ്യം ഉണ്ടാവണമെങ്കിൽ രോഗം വരാതെ നോക്കണം. രോഗങ്ങൾ വരാതിരിക്കണമെങ്കിൽ നാം പരിസരശുചിത്വം പാലിക്കേണ്ടതാണ്. പല രോഗങ്ങൾ ഉണ്ടാകുന്നതും പരക്കുന്നതും വൃത്തിഹീനമായ പരിസരത്തു നിന്നാണ്. ചപ്പുചവറുകളും ആഹാരാവശിഷ്ടങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്നത് മൂലം മാലിന്യങ്ങൾ കുന്നുകൂടുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം ചെയ്യുക, തുപ്പുക എന്നിവ മൂലം നാം തന്നെ നമ്മുടെ പരിസരം വൃത്തിഹീനമാക്കുന്നു. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിലൂടെ മലമ്പനി,മന്ത്, കോളറ,ടൈഫോയിഡ് എന്നിങ്ങനെ പല രോഗങ്ങളെയും ഇല്ലാതാക്കുവാൻ കഴിയും. ഈ രോഗങ്ങളെല്ലാം പരത്തുന്ന കൊതുക്, ഈച്ച എന്നിവ വൃത്തിഹീനമായ പരിസരത്തു നിന്നാണ് ഉണ്ടാകുന്നത്. ചപ്പുചവറുകൾ കത്തിച്ചു കളയുകയോ കുഴികുത്തി മൂടി വളമാക്കുകയോ ചെയ്യേണ്ടതാണ്. മലിനജലം കെട്ടിക്കിടക്കാതെ നോക്കണം. അത് ഒഴുക്കിക്കളയുവാൻ മാർഗം സ്വീകരിക്കണം. കിണർ, കുളം എന്നീ ജലസ്രോതസ്സുകളും അവയുടെ പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ ജലത്തിലൂടെ പകരുന്ന പല രോഗങ്ങളേയും തടയാം. നല്ല ശുചിത്വശീലമുള്ളവരായി, പരിസരം വൃത്തിയായി സൂക്ഷിച്ച് നമുക്ക് നമ്മുടെ ജീവിതത്തെ ധന്യമാക്കാം

1. എങ്ങനെയുള്ള ജനങ്ങളാണ് ഒരു രാജ്യത്തിൻെറ ഏറ്റവും വലിയ സമ്പത്ത്?
2. വൃത്തിഹീനമായ പരിസരത്തു നിന്നും ഉണ്ടാകുന്ന കൊതുക്, ഈച്ച മുതലായവ പരത്തുന്ന രോഗങ്ങളേവ?ആ രോഗങ്ങൾ എങ്ങനെ ഇല്ലാതാക്കാം?
3. പരിസരശുചീകരണത്തിനുള്ള രണ്ട് മാർഗങ്ങളെഴുതുക?
4. ജലത്തിലൂടെ പകരുന്ന രോഗങ്ങളെ നമുക്കെങ്ങനെ തടയാം?
5. ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

. . . . . . . .